(ബി) ഇപ്പോൾ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പല ന്യായവില മെഡിക്കൽ സ്റ്റോറുകളിലും ആവശ്യത്തിന് മരുന്ന് ലഭ്യമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലാതെ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടെ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനറൽ ആശുപത്രി-തിരുവനന്തപുരം, താലൂക്കാശുപത്രി-ചിറയിൻകീഴ്, ഗവൺമെന്റ് ആശുപത്രി-എറണാകുളം, ഗവ:ആശുപത്രി-മുളന്തുരുത്തി, താലൂക്കാശുപത്രി-മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, നോർത്ത് പറവൂർ, ചാലക്കുടി താലൂക്കാശുപത്രി, കൊടുങ്ങല്ലൂർ താലൂക്കാശുപത്രി, ഇരിങ്ങാലക്കുട താലൂക്കാശുപത്രി, ചാവക്കാട് താലൂക്കാശുപത്രി, ജനറൽ ആശുപത്രി ചേർപ്പ്, ഗവൺമെന്റ് ആശുപത്രി, മാനന്തവാടി, കണ്ണൂർ ജില്ലാ ആശുപത്രി, മലപ്പുറം ജില്ലാ ആശുപത്രി എന്നീ ആശുപത്രികളിലും, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ന്യായ വില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)&(ഡി) ടി മെഡിക്കൽ സ്റ്റോർ അടച്ചു പൂട്ടേണ്ടി വരുന്ന സാഹചര്യമൊന്നും ഇപ്പോൾ നിലവിലില്ല. മരുന്നുകൾ കമ്പനികളിൽ നിന്നും നേരിട്ടു വാങ്ങാനും, അപ്രകാരം ലഭിക്കാത്ത മരുന്നുകൾ നീതി മെഡിക്കൽ പദ്ധതിയിൽ നിന്നും വാങ്ങാനുമുള്ള സംവിധാനം നിലവിലുണ്ട്. വിതരണക്കാരിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ആശുപത്രി സൂപ്രണ്ടിന് അധികാരം നൽകിയിട്ടില്ല എന്നതിനാൽ കമ്പനിക്കാർ ലഭ്യമാക്കാതിരിക്കുമ്പോഴും നീതി മെഡിക്കൽ പദ്ധതിയിൽ ലഭ്യമാകാതെ വരുമ്പോഴും ചില മരുന്നുകൾ ടി സ്റ്റോറിൽ ലഭ്യമല്ലാതെ വരുന്നുണ്ട്.

വാക്സിനുകളുടെ നിർമ്മാണം

106 (155) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ എന്തെല്ലാം വാക്സിനുകളാണ് നിർമ്മിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ എത്രകാലമായി പ്രസ്തുത വാക്സിനുകളുടെ നിർമ്മാണം നിറുത്തിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വാക്സിനുകളുടെ നിർമ്മാണം നിറുത്തിവയ്ക്കുവാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആന്റി-റാബീസ് വാക്സിൻ ഉൾപ്പെടെയുള്ളവയുടെ ഉൽപ്പാദനത്തിന് പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവത്തിലാണോ പ്രസ്തുത യൂണിറ്റുകൾ നിറുത്തൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പബ്ലിക് ഹെൽത്ത് ലാബിൽ ആധുനികവൽക്കരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എഫ്) ഇവിടെ നിറുത്തിവച്ചിട്ടുള്ള വാക്സിൻ ഉൽപ്പാദനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ജി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) കോളറ, റാബീസ്, ടൈഫോയിഡ് എന്നീ രോഗങ്ങൾക്കെതിരായുള്ള വാക്സിനുകളാണ് നിർമ്മിച്ചിരുന്നത്.

(ബി) 1993 ഒക്ടോബർ മാസത്തിൽ വാക്സിനുകളുടെ നിർമ്മാണം നിറുത്തി വച്ചു.

(സി)&(ഡി) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരം നിലനിറുത്താൻ കഴിയാത്ത സാഹചര്യത്തിൽ വാക്സിൻ ബോർഡ് ആവശ്യപ്പെട്ടതനുസരിച്ചാണ് വാക്സിൻ നിർമ്മാണം നിറുത്തിവച്ചത്.

(ഇ) സൈറ്റോപതോളജി, ഹിസ്റ്റോപതോളജി, തൈറോയിഡ് ഫങ്ഷൻ ടെസ്റ്റുകൾ എന്നിവ പുതുതായി ആരംഭിച്ചു. റിസൽറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചു നൽകുവാനുള്ള പദ്ധതിയും ഉണ്ട്.

(എഫ്) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരമുള്ള വാക്സിൻ മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വളരെയേറെ സാമ്പത്തിക ബാദ്ധ്യതയുള്ളതും ആധുനിക സാങ്കേതിക വിദ്യ ആവശ്യമായതുമായ പരിഷ്ക്കാരങ്ങൾ ലാബിൽ വരുത്തേണ്ടതുണ്ട്.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ

107 (156) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ ഗുളികകൾ വിതരണം ചെയ്യപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗുളികകൾ എവിടെ ഉൽപ്പാദിപ്പിക്കപ്പെട്ടവയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന് ഉത്തരവാദികളായവർ ആരാണ്; അവർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദവിവരം താഴെചേർക്കുന്നു.

ബാച്ച് നം:	നിർമ്മാതാവ്
2035	വിക്രം ലാബോറട്ടറീസ്, മുസിഫർ നഗർ

LIBRARY ARCHIVES Kerala Legislative Assembly